(ഇ) ഏസ്റ്റിമേറ്റ് തയ്യാറാക്കിയില്ല.

(എഫ്) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ് : സ്ഥലം ക്ലിപ്പപ്പെടുത്തുന്നതിനു് ഇത്രവളരെ താമസമെന്താണെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : സ്ഥലം ക്ലിപ്പപ്പെടുത്താൻ ചീഫ് ഇൻഞ്ചിനീയർക്കും പബ്ലിക്ക് ഹെൽത്ത് ഡയറക്ടർക്കും ഗവണ്മെണ്ടിൽനിന്നും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : കഴിയുന്നിടത്തോളം വേഗം അതു നടപ്പിൽ വരുത്തുവാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ശ്രമിക്കാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : അവിടെ നിന്നും ഏറ്റവും അടുത്ത ആശുപത്രിയിലേക്കു് എത്രദൂരമുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : അതിപ്പോൾ പറയാൻ യിവുത്തിയില്ല.

TOTTENHAM SYSTEM

***2409.** [32] **Sri. N. P. Verghese:** Will the Hon'ble Chief Minister be pleased to state:

(*a*) whether Government have adopted the Tottenham system to be followed in the Secretariat; and

(*b*) are Government aware that under the present system it is laborious and troublesome to find out a file, and it takes months for final orders on a petition presented to Government?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) No.

ഭവനനിർമ്മാണ പദ്ധതി

*ചോ ദ്യ ം (നം. നം) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫിനാൻസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഭവനനിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള പ്രദേശങ്ങൾ ഏതെല്ലാടിസ്ഥാനത്തിലാണു് തിരഞ്ഞെടുക്കുന്നതു?

(ബി) ഭവനരഹിതരായവർ അധികമായി നിവസിക്കുന്ന സ്ഥലങ്ങൾക്കാണോ മുൻഗണന കൊടുക്കുന്നതു്?

(സി) അങ്ങനെയെങ്കിൽ ഫസ്റ്റ് ഫൈവ് പ്ലാനിലേക്കു് തെരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങൾ അങ്ങനെയുള്ള മാനദണ്ഡംവച്ചുകൊണ്ടാണോ തിരഞ്ഞെടുത്തിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : (എ) ഭവനരഹിതരായവർ കൂടുതൽ ഉള്ള സ്ഥലം എന്ന അടിസ്ഥാനത്തിലാണു്.

(ബി) അതേ.

(സി) അതും ഒരു മാനദണ്ഡമായി സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു് കൂടുതൽ വീടില്ലാത്തവർ ഉള്ളതു് കൊച്ചിയിൽ മട്ടാഞ്ചേരി പട്ടണത്തിൽ ആണെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തേവരയിലും വീടില്ലാത്തതു കൊണ്ടു് വളരെ ആളുകൾക്കു് ബുദ്ധിമുട്ടുണ്ടു്. മട്ടാഞ്ചേരിയിലും അങ്ങിനെയുള്ള ആളുകളുണ്ടെന്നറിയാം.

ശ്രീ. പി. കെ. ഡീവർ : ഫോർഷോർ റോഡിനുവേണ്ടി സ്ഥലമെടുത്തപ്പോൾ വീടില്ലാതായവർക്കുവേണ്ടിയല്ലേ കൊച്ചിയിൽ ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേ.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ : ഭവനനിർമ്മാണം തുടങ്ങിയോ?

ബഹു. ശ്രീ, ടി. കെ. നാരായണപിള്ള : തുടങ്ങി

†Answer to Question No. 32 laid on the table the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറെ ഗോപാലപണിക്കർ : എന്നു തുടങ്ങിയെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള ; അതിന്റെ തിയ്യതിയും മണിക്കൂറും ഒന്നും ഇപ്പോൾ നിശ്ചയമില്ല. സമീപകാലത്തു തന്നെ തുടങ്ങിയിട്ടുണ്ട്. ജോലികൾ നടന്നുകൊണ്ടിരിക്കയുമാണ്.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ : എത്ര ഭവനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കളത്തിൽ എന്ന സ്ഥലത്തു ൨൦ വീടുകളുടെ പണി നടന്നുകൊണ്ടിരിക്കയാണ്, അടിസ്ഥാനമിടൽ പൂർത്തിയായിട്ടുണ്ട്.

ഗസറ്റ് പ്രസിദ്ധീകരണം

*൨൪൫൨ (നസ്സ) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന ഗസറ്റ് കൊച്ചിയിൽ കിട്ടുന്നതു അടുത്ത ഞായറാഴ്ചയാണെന്നു ദയവുണ്ടായി അറിയാമോ?

(ബി) ഇത്രകാലതാമസത്തിനുള്ള കാരണമെന്താണ്?

ബഹു. ശ്രീ, ടി. കെ. നാരായണപിള്ള : (എ) ഗസറ്റിൽ പരസ്യം ചെയ്യാനുള്ളവകകളും അധികവും താമസിച്ചു കിട്ടികൊണ്ടിരുന്നതിനാലും, വളരെ അധികം പ്രതികളും അച്ചടിക്കേണ്ടിയിരുന്നതിനാലും, ഇതരകാരണങ്ങളാലും കുറച്ചുകാലത്തിനു മുമ്പുവരെ ഗസറ്റ് വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ മാത്രമേ പുറത്തിറക്കാൻ സാധിച്ചിരുന്നുള്ളൂ. എങ്കിലും കൊച്ചിയെപ്പോലെ ദൂരപ്രദേശങ്ങളിലേക്കുള്ള പ്രതികളും അടുത്ത പ്രദേശങ്ങളിലേക്കുള്ള പ്രതികളും അയക്കുന്നതിനു മുമ്പുതന്നെ അയച്ചുവന്നിരുന്നു. അങ്ങിനെ അയച്ചു കൊടുക്കണമെന്നു പ്രത്യേകം നിർദ്ദേശവും ഉണ്ടായിരുന്നു. പരസ്യവസ്തുതകളും കൃത്യസമയത്തിനകം കിട്ടുന്നതിനുവേണ്ട കർശനനടപടികളും എടുത്തിട്ടുള്ളതിനാലും അച്ചടിസംബന്ധമായ ജോലികളും എറണാകുളം പ്രസ്സിലേക്കും തിരുവനന്തപുരം പ്രസ്സിലേക്കുമായി വിഭജനം ചെയ്തിട്ടുള്ളതിനാലും ബുധനാഴ്ച പുറത്തിറക്കുന്ന ഗസറ്റ് കൊച്ചിയിലേക്ക് ബുധനാഴ്ചതന്നെ അയച്ചുകൊടുക്കുന്നതിനു സാധിച്ചിട്ടുണ്ട്. അങ്ങിനെ അയച്ചുകൊടുക്കുന്നതിനു പ്രത്യേകം നിർദ്ദേശങ്ങളും അയച്ചിട്ടുണ്ട്.

(ബി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. കണ്ണാറെ ഗോപാലപണിക്കർ : (എ) ഭാഗം ഉത്തരത്തിൽ പറയുന്ന ഇതരകാരണങ്ങളിൽ ചിലതെങ്കിലും പറയാമോ?

ബഹു. ശ്രീ. ടി, കെ. നാരായണപിള്ള : പറഞ്ഞേ തീരുവെന്നു നിർബന്ധമുണ്ടെങ്കിൽ പറയാം.

ശ്രീ. കെ. എസ്സ്. ജോസഫ് : തിരുവനന്തപുരത്തു തന്നെയും ഗസറ്റ് താമസിച്ചേ കിട്ടുന്നുള്ളൂ എന്നു പരാതികളും ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മുമ്പ് അങ്ങിനെ ഉണ്ടായിരിക്കാം ഇപ്പോൾ സമയത്തുതന്നെ എത്തിച്ചുകൊടുക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. സമയത്തു കിട്ടുന്നില്ലെന്നു പരാതിയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിച്ചു മേലാൽ കാലതാമസമുണ്ടാകാതിരിക്കാൻ ശ്രമിക്കാം.

ശ്രീ. പി. കെ. ഡീവർ : നേരത്തെ പറഞ്ഞ ഉത്തരത്തിൽ നിന്നും കൊച്ചിയിൽ ഇപ്പോൾ ഗസറ്റ് ബുധനാഴ്ചതന്നെ എത്തിച്ചുകൊടുക്കുന്നു എന്ന് പറഞ്ഞതായി തോന്നുന്നു.....

ബഹു. ശ്രീ: ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞില്ല. ബുധനാഴ്ച തന്നെ അയച്ചുകൊടുക്കുന്നുണ്ട്. അതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. കെ. അയ്യപ്പൽ : ചൊവ്വാഴ്ച പുറപ്പെടുന്ന ഗസറ്റ് ചൊവ്വാഴ്ചതന്നെ അയച്ചുകൊടുക്കാൻ പാടില്ലേ.

LIBRARY ARCHIVES Kerala Legislative Assembly